# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5498 04.07.2013-ൽ മറുപടിക്ക്

## ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വിഡി.സതീശൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എം.പി. വിൻ സെന്റ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ജലനിധി പദ്ധതി തുടങ്ങാൻ കർമ്മ പരിപാടികൾ ആവിഷ്ക രിച്ചിട്ടുണ്ടോ; | (എ) മാനദണ്ഡങ്ങൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെട്ട 200 ഗ്രാമപഞ്ചായത്തുകളിലാണ് രണ്ടാം ഘട്ട ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) എത്ര പഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി ആദ്യ ഘട്ടത്തിൽ നടപ്പാക്കാനു - ദ്ദേശിക്കുന്നത് ; | (ബി) ബാച്ച് 1 ൽ 22 ഗ്രാമ പഞ്ചായത്തുകളും ബാച്ച് 2 ൽ 68 ഗ്രാമ പഞ്ചായത്തുകളുമാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. രണ്ട് ബാച്ചുകളിലായി ഇപ്പോൾ 90 ഗ്രാമ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (സി) പദ്ധതി നടപ്പാക്കാനുള്ള തുക എങ്ങനെയാണ് സമാഹരിച്ചത്; | (സി) ലോക ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി സർക്കാർ വിഹിതം, ഗ്രാമപഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ കൂടെ സമാഹരിച്ചാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ലോകബാങ്കുമായി സർക്കാർ കരാർ ഒപ്പിട്ടു. പദ്ധതി നടപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ റീജണൽ ഡയറക്ടർ മാർ, തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായ ത്തുകളുമായും ഗ്രാമപഞ്ചായത്തുകൾ, സഹായ സംഘടനകൾ ഗുണഭോക്തൃ സമിതികൾ എന്നിവരുമായി കരാർ ഒപ്പിടുകയും ചെയ്തു. ആയത് അനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ ജലനിധി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആകെ തുകയുടെ 75% സർക്കാർ വിഹിതം (ലോക ബാങ്ക് സഹായം ഉൾ പ്പെടെ) 15% ഗ്രാമ പഞ്ചായത്ത് വിഹിതം, 10% ഗുണഭോക്തൃ വിഹിതം എന്നിവ ബന്ധപ്പെട്ടവർ വഹിക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ആരംഭിക്കുന്ന ജലനിധി ജോയിന്റ് പ്രോജക്ട് അക്കൗണ്ടിൽ KRWSA മുഖേനയുള്ള വിഹിതവും ഗ്രാമ പഞ്ചായത്ത് വിഹിതവും നിക്ഷേ പിക്കുന്നു. ഗുണഭോക്തൃ കമ്മിറ്റി ആരംഭിക്കുന്ന ജോയന്റ് അക്കൗണ്ടി ലേക്ക് ഗ്രാമപഞ്ചായത്തിന്റെ ജലനിധി അക്കൗണ്ടിൽ നിന്നും ആനുപാതി കമായി പണം നൽകുന്നു. |

സെക്ഷൻ ഓഫീസർ